"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറായി ചുമതല നിർവ്വഹിച്ച് വന്നിരുന്ന ശ്രീ. ബിജു വി.എസ്സിനെ പ്രസ്തുത ചുമതലയിൽ നിന്നും മാറ്റി പകരം സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണം ഡിവിഷൻ ജോയിന്റ് ഡയറക്ടറും വികേന്ദ്രീകൃതാസൂത്രണം ചീഫ് ഇൻ ചാർജ്ജുമായ ശ്രീ എസ്. ആർ. സനൽ കുമാറിനെ കൺവീനറായി നിയമിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.342/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/02/2020

---

പരാമർശം:- 1 സ.ഉ.(കൈ)നം.139/2016, തീയതി 29.06.2016

2 സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാന്റെ 16.10.2019 -ലെ 05/എസ്.ആർ.ജി./2017 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം ജനകീയാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറായി നിയമിച്ചിരുന്ന ശ്രീ. ബിജു വി.എസ്സിനെ ബഹു. വ്യവസായ കായിക വകുപ്പ് മന്ത്രിയുടെ ഓഫീസിൽ അഡിഷണൽ പ്രൈവറ്റ് സെക്രട്ടറിയായി നിയമിച്ച സാഹചര്യത്തിൽ ടിയാനെ കൺവീനർ സ്ഥാനത്തു നിന്നും ഒഴിവാക്കി പകരം സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ജോയിന്റ് ഡയറക്ടറും ഡി.പി. ഡിവിഷൻ ചീഫ് ഇൻ ചാർജ്ജുമായ ശ്രീ എസ്. ആർ. സനൽ കുമാറിനെ കൺവീനറായി നിയമിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാൻ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. ബിജു വി.എസ്സിനെ ജനകീയാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനർ സ്ഥാനത്ത് നിന്നും ഒഴിവാക്കി കൊണ്ടും പകരം സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണം ഡിവിഷൻ ജോയിന്റ് ഡയറക്ടറും വികേന്ദ്രീകൃതാസൂത്രണം ചീഫ് ഇൻ ചാർജ്ജുമായ ശ്രീ എസ്. ആർ. സനൽ കുമാറിനെ ജനകീയാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറായി നിയമിച്ച് കൊണ്ടും പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ചെയർമാൻ മുഖേന)

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ